**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 368** **23-08-2022 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിലും നഗരസഭകളിലും സോഫ്റ്റ് വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്തുകളിൽ പ്രാബല്യത്തിൽ വന്നിട്ടുള്ള ഇന്റഗ്രേറ്റഡ് ലോക്കൽ സെൽഫ് ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) സോഫ്റ്റ് വെയർ നഗരസഭകളിലും കൂടി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | നടപടി സ്വീകരിച്ചു വരുന്നു |
| (ബി) | നിലവിലുള്ള ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) സംവിധാനം നിലനിർത്തികൊണ്ടാണോ സോഫ്റ്റ് വെയറുകൾ നവീകരിക്കുന്നത്; സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (ബി) | നിലവിലുള്ള ഇൻഫർമേഷൻ കേരള മിഷൻ (ഐ .കെ .എം )സംവിധാനം നിലനിർത്തിക്കൊണ്ടും എന്നാൽ ഐ .കെ .എമ്മിലെ സംവിധാനത്തെയും പ്രക്രിയകളെയും കാലാനുസൃതമായ മാറ്റത്തിന് വിധേയമാക്കിക്കൊണ്ടുമാണ് പുതിയ സോഫ്റ്റ് വെയർ നിർമ്മിച്ചുവരുന്നത് .<br><br>18 -02 -2022 -ലെ ജി ഓ (എം എസ് )നം.27/ 2022/ എൽ എസ് ജി ഡി പ്രകാരം വിശദമായ കർമ്മപദ്ധതി ആവിഷ്കരിക്കുകയും ഇതിന്റെ ചുമതല ഡോ .സന്തോഷ് ബാബു ഐ.എ.എസ്സ് (റിട്ടേർഡ് )ന് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ആശയരൂപീകരണത്തിനായി വിവിധ ശില്പശാലകളും സ്റ്റേക്ക്-ഹോൾഡേഴ്സ് മീറ്റിംഗുകളും സംഘടിപ്പിച്ചിട്ടുണ്ട്.സോഫ്റ്റ് വെയർ ഡെവലപ്മെന്റിനും ടെസ്റ്റിംഗിനും വേണ്ടതായ ചുറ്റുപാടുകളും (Environment)ടീമിനെയും സജ്ജീകരിച്ച് നിർമ്മാണം പുരോഗമിക്കുന്നു .<br><br>ജനങ്ങൾക്ക് അവരുടെ മൊബൈലിൽ നിന്നും സേവനങ്ങൾ കിട്ടുന്ന രീതിയിലാണ് നഗരസഭകൾക്ക് വേണ്ടി ആപ്ലിക്കേഷൻ നിർമ്മിക്കുന്നത്. |

സെക്ഷൻ ഓഫീസർ